# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-4/1660/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 08/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടർ, എൽ. എസ്.ജി.ഡി. മലപ്പുറം
കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.എം.പി.എം-4/1660/2023 തീയ്യതി: 08/09/2023

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-11-2022 മുതൽ 11-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-07-2023 | 20-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-07-2023 | 20-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. നസ്സീർ ടി.കെ., ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ് പി.ടി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അമീൻ ഫൈസൽ ടി.ടി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഷീബ പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. മുസ്തഫ എ.കെ. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. സുജാത കെ.എം. (ജോയിന്റ് ബി.ഡി.ഒ) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 04-05-2022 |
| ശ്രീ. മുഹമ്മദലി. എ. | സെക്രട്ടറി | 05-05-2022 | 31-05-2022 |
| ശ്രീ. ശ്രീകുമാർ സി.വി. (ജോയിന്റ് ബി.ഡി.ഒ) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 02-07-2022 |
| ശ്രീമതി. പാർവ്വതി കെ. | സെക്രട്ടറി | 03-07-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീലേഖ. പി. | കൃഷി അസി.ഡയറക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗിരിജ. കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. മൊയ്തീൻകോയ സി. | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2022 | 28-02-2023 |
| ഡോ. പി. കെ.ബഷീർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-03-2023 | 31-03-2023 |
| ശ്രീമതി. ദിവ്യ. ജി. എൻ. | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സലീല.എം | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 01-04-2022 | 31-05-2022 |
| ശ്രീമതി. സീതാലക്ഷ്മി കെ | ശിശു വികസന പദ്ധതി ഓഫീസർ ഇൻ ചാർജ്(അഡീഷണൽ) | 01-06-2022 | 05-07-2022 |
| ശ്രീമതി. റീന എ. | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 06-07-2022 | 31-12-2022 |
| ശ്രീമതി. ഹഫ്സത്ത് ടി. | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 01-01-2023 | 12-01-2023 |

| | | | |
|---|---|---|---|
| ശ്രീമതി. റംലത്ത് കെ | ശിശു വികസന പദ്ധതി ഓഫീസർ (അഡീഷണൽ) | 13-01-2023 | 31-03-2023 |
| ശ്രീമതി. ഇന്ദിര പി. കെ. | ശിശു വികസന പദ്ധതി ഓഫീസർ | 09-04-2022 | 26-07-2022 |
| | | 09-12-2022 | 22-12-2022 |
| ശ്രീമതി. റീന എ. | ശിശു വികസന പദ്ധതി ഓഫീസർ | 27-07-2022 | 08-12-2022 |
| ശ്രീമതി. ഹഫ്സത്ത് ടി. | ശിശു വികസന പദ്ധതി ഓഫീസർ | 23-12-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് അസ്‌ലഹ്. പി. | അസി. എഞ്ചിനീയർ | 01-04-2022 | 18-11-2022 |
| ശ്രീ. അബ്ദുൽ ജലീൽ തയ്യിൽ | അസി. എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 19-11-2022 | 20-11-2022 |
| | | 02-12-2022 | 18-12-2022 |
| ശ്രീ. മുഹമ്മദ് അസ്‌ലഹ്. പി. | അസി. എഞ്ചിനീയർ (അഡീഷണൽ ചാർജ്) | 21-11-2022 | 26-11-2022 |
| ശ്രീ. സാദിർ ഇബ്നു കാസിം ടി. | അസി. എഞ്ചിനീയർ | 27-11-2022 | 01-12-2022 |
| ശ്രീ. നിഖിൽ ജെ കുമാർ | അസി. എഞ്ചിനീയർ | 19-12-2022 | 31-03-2023 |
| ശ്രീ. വരുൺ കെ. പി. | വ്യവസായ വികസന ഓഫീസർ | 01-04-2022 | 02-08-2022 |
| ശ്രീ. സുനിൽ എ | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്) | 03-08-2022 | 19-09-2022 |
| ശ്രീ. സൂരജ് ബാബു | വ്യവസായ വികസന ഓഫീസർ (ഇൻ ചാർജ്) | 20-09-2022 | 29-09-2022 |
| ശ്രീമതി. ജുവൈരിയ എ. പി. | വ്യവസായ വികസന ഓഫീസർ | 30-09-2022 | 31-03-2023 |
| ശ്രീമതി. ഷെറിൻ ബീഗം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി. റ്റിറ്റി.ബി.ജി. | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2022 | 08-04-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ധനകാര്യ വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ഡെപ്പോസിറ്റ് വർക്ക് -അവലോകനം | 1-11 |
| 18 | ഷോപ്പിങ് കോംപ്ലക്സ് വാടക വരവ്-അപാകതകൾ | 1-12 |
| 19 | കൺവീനർക്ക് അധികം തുക നൽകി. | 1-13 |
| 20 | ചെങ്ങണംപ്പറ്റ എസ്. സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം (SO125/23) | 1-13-1 |
| 21 | അമ്പലംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (SO126/23) | 1-13-2 |
| 22 | ഓഡിറ്റ് പരാമർശം- 67,308/- രൂപ അടവാക്കി. | 1-14 |
| 23 | പുളിക്കാടൻപ്പടി കോരക്കോട് ഡ്രൈനേജ്- പൊളിച്ചുമാറ്റിയ കരിങ്കല്ലിന്റെ വിവരം ലഭ്യമല്ല. | 1-15 |
| 24 | തുല്യത പരീക്ഷ -തുടർനടപടി വിവരം ലഭ്യമാക്കണം | 1-16 |

| | | |
|---|---|---|
| 25 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ദൈനം ദിന ചെലവുകൾക്ക് മുൻകൂർ നൽകൽ -വിനിയയോഗ സാക്ഷ്യപത്രം ലഭ്യമാക്കണം | 1-17 |
| 26 | CHC മേലാറ്റൂരിന് മുൻകൂർ അനുവദിക്കൽ വിനിയോഗ വിവരം ലഭ്യമാക്കണം | 1-18 |
| 27 | ഭവനനിർമ്മാണം പൂർത്തീകരിക്കണം | 1-19 |
| 28 | സെക്കൻഡറി പാലിയേറ്റിവ് പരിചരണം- അപാകതകൾ | 1-20 |
| 29 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-21 |
| 30 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ-രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-22 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് തുക നൽകൽ വിനിയോഗ വിവരം ലഭ്യമാക്കണം | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 1(1)/24.6.2023 തീരുമാന പ്രകാരം തയ്യാറാക്കി 5.7.2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം& എക്സ്പെൻറ്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: മലപ്പുറം

തീയതി: 08-09-2023

സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 4573028/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 6039743/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തിയിട്ടില്ല.

ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയ വർക്ക് ഷീറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

### 1-1-4 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

എ) വാടക രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡിമാന്റ്, വരവ്, ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
ബി) ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ലാത്തതിനാൽ ബി7 ഷെഡ്യൂൾ പ്രകാരമുള്ള 1556730 രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
സി) അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിയിട്ടില്ലാത്തതിനാൽ ബി18 ഷെഡ്യൂൾ പ്രകാരമുള്ള 37,41,326രൂപയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
ഡി) ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂൾ പ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-5 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

B-15 ഷെഡ്യൂൾ പ്രകാരം വാടകയിനത്തിൽ കുടിശ്ശിക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും (Current 167108/-, Arrear 167075/-) കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-6 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

നിർമൽ പുരസ്കാർ ഇനത്തിൽ ഷെഡ്യൂൾ B-17 പ്രകാരം 7,75239 രൂപ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ B-4 ഷെഡ്യൂൾ പ്രകാരം 5,54,290 രൂപയാണ് ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പറും തിയ്യതിയും | പുതുക്കിയ തീരുമാന നമ്പറും തിയ്യതിയും |
|---|---|
| തീരുമാന നമ്പർ 1(1), തിയ്യതി 30.03.2022 | ബജറ്റ് പുതുക്കിയിട്ടില്ല |

## 1-3 ധനകാര്യ വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 83,89,960.95 |
| വരവ് | 11,97,25,505 |
| ആകെ | 12,81,15,465.95 |
| ചെലവ് | 11,51,52,477 |
| നീക്കിയിരിപ്പ് | 1,29,62,988.95 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് തുക (₹) | ആകെ തുക (₹) | ചെലവ് തുക (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 42972000 | 42972000 | 38994139 | 3977861 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 27648000 | 27648000 | 22452270 | 5195730 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 291000 | 291000 | 0 | 291000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 10628000 | 10628000 | 5504529 | 5123471 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 12150440 | 12150440 | 6800233 | 5350207 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 7376311 | 7376311 | 6196293 | 1180018 |

തൻ വർഷം ലഭ്യമാക്കിയ 10.07 കോടി സർക്കാർ ഗ്രാന്റിൽ 7.99 കോടി ചെലവഴിക്കപ്പെട്ടു. 2.08 കോടി ചെലവഴിച്ചിട്ടില്ല. പൂർണ്ണതോതിലുള്ള പദ്ധതി ഫണ്ട് വിനിയോഗത്തിന് മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | സി.ബി | ചെലവ്% |
|---|---|---|---|---|---|---|
| പ്ലാൻ (ജനറൽ) | 0 | 42972000 | 42972000 | 38994139 | 3977861 | 91.00% |
| പ്ലാൻ (SCP) | 0 | 27648000 | 27648000 | 22452270 | 5195730 | 81.00% |
| പ്ലാൻ (TSP) | 0 | 291000 | 291000 | 0 | 291000 | 0 |
| CFC (Untied ) | 0 | 7376311 | 7376311 | 6196293 | 1180018 | 84.00% |
| CFC (Tied) | 0 | 12150440 | 12150440 | 6800233 | 5350207 | 56.00% |
| റോഡിതരം (MG) | 0 | 10628000 | 10628000 | 5504529 | 5123471 | 52.00% |
| ആകെ | 0 | 100774751 | 100774751 | 79947464 | 20827287 | 79.00% |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 15,43,42,711 | 116 | 8,68,70,166 | 0 | 35 | 76.82% |

2022-23 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | പ്രൊജക്ടുകൾ | നിർവ്വണം നടത്തിയത് | നടപ്പിലാക്കാത്തവ | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| സി.ഡി.പി.ഒ | 1 | 1 | 0 | 5142000 | 5141865 | 99.00% |
| ബി.ഡി.ഒ | 28 | 23 | 5 | 75032184 | 39814956 | 53.00% |
| എം.ഒ (CHC) | 9 | 9 | 0 | 5466500 | 4258082 | 78.00% |
| എസ്.സി.ഡി.ഒ | 2 | 2 | 0 | 4500000 | 4480000 | 99.00% |
| എ.ഡി.എ | 1 | 1 | 0 | 2633500 | 2633500 | 100.00% |
| എ.ഡി.വി | 2 | 2 | 0 | 2100000 | 1599470 | 76.00% |
| എ.എക്സ്.ഇ | 5 | 5 | 0 | 9043535 | 4306869 | 48.00% |
| എ.ഇ | 103 | 73 | 30 | 50424992 | 24635424 | 49.00% |
| ആകെ | 151 | 116 | 35 | 154342710 | 86870166 | 56.00% |

പാതിവഴിയിൽ ഉപേക്ഷിച്ച പാഴ്ചെലവായ പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.7.2023ന് 10.30 AMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 4153/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഡയറി എക്സ്റ്റെൻഷൻ ഓഫീസർ കാഷ്ബുക്ക് മാസാന്ത്യ,വർഷാന്ത്യ ക്ലോസിംഗ് നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2.ഇൻകംബൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.
3.വൗച്ചറുകൾ ക്രമപ്രകാരം നമ്പറിട്ട് സൂക്ഷിക്കുന്നില്ല.
4.സെക്രട്ടറി, എസ്.സി.ഡി.ഒ, എ.ഇ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ, കൃഷി അസി. ഡയറക്ടർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5.മറ്റ് തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികളിൽ നിർമ്മാണ പ്രവർത്തികൾ നടത്തുന്ന പ്രൊജക്ടുകളിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അനുമതി പത്രം, പൂർത്തീകരണ ശേഷം രേഖാമൂലം പദ്ധതി കൈമാറൽ എന്നിവ നടത്തിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല.
6.സംയുക്ത പ്രൊജക്ടുകൾക്കായി വാർഷിക കണക്ക് പ്രകാരം ഗ്രാമ പഞ്ചായത്തുകൾ നൽകിയ 90,90,000/-രൂപയുടെ വിവരം ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ തെറ്റായ ചെലവ് വിവരങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2022 | 2021-22 | 18.01.2023 |
| എ.ജി. ഓഡിറ്റ് | 12.11.2019 | 2014-15 മുതൽ 2018-19 വരെ | 20.12.2019 |

## 1-11 ഡെപ്പോസിറ്റ് വർക്ക് -അവലോകനം

ബ്ലോക്ക് പഞ്ചായത്ത് പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കിയാണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവർത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന (1) | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (6) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (7) |
|---|---|---|---|---|---|---|
| 1 | അമ്പലപ്പടി-ചെറുകുന്ന് കുടിവെള്ള പദ്ധതി | 2013-14 | KWA | 1,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,00,000 |
| 2 | പനംകുന്ന്-ഊഴംതൊടിക പൈപ്പ് ലൈൻ നീട്ടൽ | 2013-14 | KWA | 1,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,00,000 |
| 3 | ചെമ്പിക്കുന്ന് കുടിവെള്ള പദ്ധതി | 2013-14 | KWA | 1,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,00,000 |
| 4 | ചോലകുളമ്പ്-വടക്കേക്കര-കുമൻപാറ കുടിവെള്ള പദ്ധതി | 2013-14 | KWA | 1,00,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,00,000 |
| 5 | ചോലയിൽകുളമ്പ് റോഡ്- നങ്ങാണിയൻ പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 2013-14 | KWA | 1,50,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,50,000 |
| 6 | തെക്കുംപുറം കുടിവെള്ള പദ്ധതി വൈദ്യുതീകരണം. | 2013-14 | KSEB | 1,02,081 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 1,02,081 |
| 7 | ചോലക്കുളമ്പ് വടക്കേക്കര കുമൻപാറ കുടിവെള്ളപദ്ധതി | 2014-15 | KWA | 15,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 15,000 |
| 8 | കൊടപ്പറം എസ് സി കോളനി കുഴൽകിണറുകൾ | 2014-15 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 42,35,133 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 42,35,133 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പനംകുന്ന് ഉഴൻതൊടിക കുടിവെള്ള പദ്ധതി | 2016-17 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല | 100000 |
| 10 | അമ്പലപ്പടി ചെറുകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 2016-17 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല | 100000 |
| 11 | ചെമ്പിക്കുന്ന് കുടിവെള്ള പദ്ധതി | 2016-17 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല | 100000 |
| 12 | ആട്ടീരി കുന്നംപുറം പൈപ്പ് ലൈൻനീട്ടൽ | 2016-17 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല | 500000 |
| 13 | ചോലക്കുളമ്പ് മടക്കേക്കര കുമ്പൻപാറ കുടിവെള്ള പദ്ധതി | 2016-17 | ജില്ലാ നിർമ്മിതി കേന്ദ്രം, മലപ്പുറം | 650000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 650000 |
| 14 | വൈലോങ്ങര ജങ്ഷൻ -വളാഞ്ചേരി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 2017-18 | KWA | 500000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 500000 |
| 15 | പുലാമന്തോൾ തിരുത്ത് റോഡ് യു.പി. ബൈപ്പാസ് റോഡ് 3 ഫേസ് ലൈൻ (പ്രൊജക്റ്റ് നം. 0226/20 | 2019-20 | KSEB | 248500 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 248500 |
| 16 | യു.പി. ലക്ഷം വീട് കോളനി 3 ഫേസ് ലൈൻ വലിക്കൽ (പ്രോജക്റ്റ് നം. 0227/20 | 2019-20 | KSEB | 172000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 172000 |
| 17 | പുലാമന്തോൾ തിരുത്ത് ഏരിയ വൈദ്യുതീകരണം (പ്രൊജക്റ്റ് നം. 0228/20 | 2019-20 | KSEB | 79500 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 79500 |
| 18 | കട്ടുപ്പാറ പിടാക്കുന്ന് പൈപ്പ് ലൈൻ നീട്ടൽ (Pr.No.102/21) | 2020-21 | KWA | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 200000 |
| 19 | കട്ടുപ്പാറ കൊടിഞ്ഞാത്തംകോട് പൈപ്പ് ലൈൻ നീട്ടൽ (Pr.No.103/21) | 2020-21 | KWA | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 200000 |

| | | | | | | |
|---|---|---|---|---|---|---|
| 20 | ചെറുകര കോട്ടപ്പറമ്പ് ചെറുവനങ്ങാട് പൈപ്പ് ലൈൻ നീട്ടൽ(Pr.No.104/21) | 2020-21 | KWA | 400000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 400000 |
| 21 | കട്ടപ്പാറ കൊടിഞ്ഞാത്തം കോട് പൈപ്പ് ലൈൻ നീട്ടൽ (Pr.No.243/21) | 2020-21 | KWA | 230000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല. | 230000 |
| 22 | ചെറുകര കോട്ടപ്പറമ്പ് ചെറുവനങ്ങാട് പൈപ്പ് ലൈൻ നീട്ടൽ (Pr.No.244/21) | 2020-21 | KWA | 51683+ 38317 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 51683+ 38317 |
| 23 | എൽ.എസ്.ജി.ഡി. ഓഫീസിലേക്ക് കുടിവെള്ള സൗകര്യമൊരുക്കൽ (Pr.No.11/21) | 2020-21 | KWA | 37000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 37000 |
| 24 | SO190/22 - കോരങ്ങാട് കുരുവമ്പലം പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 9,60,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 9,60,000 |
| 25 | SO149/22 - മില്ലുംപടി ഒട്ടുവങ്കര കോളനി പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 2,00,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 2,00,000 |
| 26 | SO150/22 - ചോലപ്പറമ്പ് ലക്ഷംവീട് കോളനി പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 2,00,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 2,00,000 |
| 27 | SO151/22 - വില്ലേജ്പടി ആഞ്ഞിലി പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 2,00,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 2,00,000 |
| 28 | SO152/22 - കരുവാൻപറമ്പ് കുട്ടാവിൽ പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 2,00,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 2,00,000 |
| 29 | SO096/22 - യത്തീംഖാന റോഡ് പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 1,90,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1,90,000 |
| 30 | SO095/22 - താഴത്തെപടി സി.പി കുളമ്പ് റോഡ് പൈപ്പ്ലൈൻ നീട്ടൽ | 2021-22 | KWA | 3,00,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 3,00,000 |
| 31 | 95, 149, 150, 151, 152 എന്നീ പ്രോജക്ടുകൾ പൂർത്തീകരിക്കാനുള്ള തുക വാട്ടർ | 2021-22 | KWA | 5,60,000 | വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 5,60,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അതോറിറ്റിയ്ക്ക് നൽകൽ | | | | | | |

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിലെ സ്ഥിതിവിവരം ലഭ്യമല്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം:2/22-23/12.7.23 )മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മേൽ പ്രവർത്തികളിലായി വിവിധ ഏജൻസികളിൽ നിന്നും തിരികെ ലഭിക്കാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും പ്ലാൻ ഫണ്ട് വിഹിതം സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-12 ഷോപ്പിങ് കോംപ്ലക്സ് വാടക വരവ്-അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിലെ വാടക വരവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)വാടക രജിസ്റ്ററിൽ വർഷാന്ത്യത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ തയ്യാറാക്കി സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)വാടക ഈടാക്കുന്നതിൽ കാലതാമസം

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാടക കൃത്യസമയത്ത് ഈടാക്കുന്നില്ല. വാർഷിക കണക്ക് പ്രകാരം വാടകയിനത്തിൽ തൻവർഷം 1,67,108 രൂപയും കുടിശ്ശികയായി 1,67,075 രൂപയും പിരിഞ്ഞുകിട്ടാനുണ്ട്. വാടക രജിസ്റ്റർ പ്രകാരം രുചിശ്രീ കാന്റീൻ, സിറ്റി വേൾഡ് കമ്പ്യൂട്ടർ സെന്റർ, മലപ്പുറം സൗത്ത് വുമൺ ലേബർ ബാങ്ക് എന്നീ സ്ഥാപനങ്ങളിൽ നിന്നും യഥാക്രമം മാർച്ച് 2023, ജനുവരി 2023- മാർച്ച് 2023, ഫെബ്രുവരി 2023- മാർച്ച് 2023 മാസങ്ങളിലെ വാടക ഈടാക്കിയിട്ടില്ല.

3)ബ്ലോക്ക് പഞ്ചായത്തിന്റെ വാടകയുമായി ബന്ധപ്പെട്ട ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) കെട്ടിട വാടകയിൽ വാർഷിക വർദ്ധനവ് വരുത്തുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന S.c കോ-ഓപ്പറേറ്റീവ് സൊസൈറ്റി, രുചിശ്രീ കാന്റീൻ, സിറ്റി വേൾഡ് കമ്പ്യൂട്ടർ സെന്റർ എന്നീ സ്ഥാപനങ്ങളിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ ഈടാക്കിയ അതേ വാടക തന്നെയാണ് 2022-23 സാമ്പത്തിക വർഷത്തിലും ഈടാക്കിയിട്ടുള്ളത്. കെട്ടിടവാടകയിൽ വാർഷിക വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടില്ല.

5)അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓരോ റൂമിന്റെയും പിരിഞ്ഞുകിട്ടാനുള്ള വാടകയുടെ കുടിശ്ശിക വിവരങ്ങൾ രേഖപ്പെടുത്തി സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന SGSY ബിൽഡിങ് എന്ന കെട്ടിടത്തിലെ 2 മുറികൾ ശ്രീമതി. ശ്രീലത. എൻ. എ എന്നവർക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതായി വാടക രജിസ്റ്റർ പേജ് 63ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടക ഡിമാന്റ് ചെയ്തതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

7)ബ്ലോക്ക് പഞ്ചായത്തിന് സമീപമുള്ള ബ്ലോക്ക് പഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ എന്ന കെട്ടിടത്തിലെ മുറി ശ്രീമതി.ബിന്ദു കാരയിൽ എന്നവർക്ക് വാടകയ്ക്ക് നല്കിയിട്ടുള്ളതായി വാടക രജിസ്റ്റർ പേജ് 65ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാടക ഡിമാന്റ് ചെയ്തതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

8)Rent Deposit ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 1,25,220 രൂപ വരവുണ്ട്. ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (21/22-23/19.7.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വാടക കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-13 കൺവീനർക്ക് അധികം തുക നൽകി.

ധനകാര്യ അഡീ ചീഫ് സെക്രട്ടറിയുടെ 14.12.2016 ലെ Ind&PW-B2/266/2016-Fin To CE LSGD Tvm നമ്പർ കത്ത് പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഓവർഹെഡ് ചാർജ്ജ് അനുവദിക്കാവുന്നതാണെന്നും, ഇത്തരത്തിൽ ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നത് വാറ്റ് ഉൾപ്പെടെ നിലവിലുള്ള നികുതികൾ അടവാക്കുന്നതിനാണ് എന്നും സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്. കൂടാതെ വാറ്റ് നിലവിലില്ലാത്തതിനാലും, വാറ്റിന് പകരമായി വന്ന GST അടവാക്കുന്നതിനുള്ള വിഹിതം പ്രത്യേകമായി എസ്റ്റിമേറ്റിൽ

അനുവദിച്ച് നൽകുന്നതിനാലും, വാറ്റ് ഒടുക്കുന്നതിന് ഓവർഹെഡ് ചാർജ്ജിൽ വകയിരുത്തിയ 5% തുക കുറവ് ചെയ്താണ് കൺവീനർമാർക്ക് ബിൽ അനുവദിക്കേണ്ടത് എന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്.

GST നിലവിൽ വന്നശേഷം വാറ്റ് അടക്കേണ്ടാത്തതിനാൽ ആദായ നികുതി(2%) , നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം (1%) ഉൾപ്പെടെ 3% തുക മാത്രമെ ഓവർ ഹെഡ് ചാർജ്ജിൽ നിന്ന് നിലവിൽ അടക്കേണ്ടി വരുന്നുള്ളൂ. GST വിഹിതം ( 12 Or 18% ) എസ്റ്റിമേറ്റിൽ പ്രത്യേകമായി അനുവദിച്ച് നൽകുന്നുമുണ്ട്. എന്നാൽ പ്രൈസ് മുഖേന തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ ഗുണഭോക്തൃ സമിതി പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജും അതിന് പുറമെ GST ഒടുക്ക് വരുത്തുന്നതിനുള്ള തുകയും അനുവദിച്ച് നൽകുന്നുണ്ട്. മേൽ പരാമർശിക്കപ്പെട്ട കത്തുകളിലെ നിർദ്ദേശ പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ ഓവർഹെഡ് ചാർജ്ജ് കുറവ് വരുത്തേണ്ടതായിരുന്നു. എന്നാൽ പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ സമിതി പ്രവൃത്തികളിൽ മുകളിലെ നിർദ്ദേശങ്ങൾ പ്രകാരമുള്ള കുറവുകൾ വരുത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിൽ പ്രസ്തുത മാറ്റം വരുത്തുന്നത് വരെ ഓവർഹെഡ് ചാർജ്ജിനത്തിൽ അധികമായിട്ടുള്ള തുക (5%) കുറവ് ചെയ്തിട്ടാണ് കൺവീനർക്ക് നൽകേണ്ടിയിരുന്നത്. അപ്രകാരം കുറവ് ചെയ്യാത്തത് മൂലം ചുവടെ ചേർക്കും പ്രകാരം അധികച്ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു. (ഉപ ഖണ്ഡികൾ കാണുക).

## 1-13-1 ചെങ്ങണംപ്പറ്റ എസ്. സി കോളനി കുടിവെള്ള പദ്ധതി പൂർത്തീകരണം (SO125/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 50000/ 49435 |
| ടി എസ് | 30801/2022-23/13.10.2022 |
| കരാർ | 17/AE/LSGD/PMNA/2022-23/17.11.2022 |
| PRICE ID | 55156/2022 |
| കൺവീനർ | ശ്രീ. ജാഫർ സാദിഖ് |
| വൗച്ചർ നമ്പർ | 27/2022-23/27-11-2023 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 49435/- |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 47136/- |
| അധികം | 2299/- [ie 49435*5/107.5] |
| നിർവ്വഹണം | അസി. എൻജിനീയർ |

കൺവീനർക്ക് അധികം നൽകിയ 2299/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-13-2 അമ്പലംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം (SO126/23)

| | |
|---|---|
| അടങ്കൽ/ ചെലവ് | 90000/ 57232 |
| ടി എസ് | 14927/2022-23/15.09.2022 |
| കരാർ | 35/AE/LSGD/PMNA/2022-23/30.12.2022 |
| PRICE ID | 55153/2022 |
| കൺവീനർ | ശ്രീ. നാരായണൻ |
| വൗച്ചർ നമ്പർ | 32/2022-23/12.12.2022 |
| അധിക ചെലവിന്റെ വിവരം | |
| നൽകിയ തുക | 57232/- |

| | |
|---|---|
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 54570/- |
| അധികം | 2662/- [ie 57232*5/107.5] |
| നിർവ്വഹണം | അസി. എൻജിനീയർ |

കൺവീനർക്ക് അധികം നൽകിയ 2662/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 16 & 17 /2022-23/19.07.2023 –ന് ലഭ്യമാക്കിയ മറുപടിയിൽ 2010 ഷെഡ്യൂൾ നിരക്ക് (SoR) പ്രകാരം തയ്യാറാക്കിയിരുന്ന എസ്റ്റിമേറ്റുകൾക്ക് നൽകിയിരുന്ന 5% ഓവർ ഹെഡ് ചാർജ് 7.8.20 ലെ 662/2020 പൊ.മ.വ ഉത്തരവ് പ്രകാരം സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട് എന്നും എന്നാൽ ഇത് DSR പ്രകാരം തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾക്ക് ബാധകമായിട്ടുള്ള ഉത്തരവ് അല്ല എന്ന് 13.8.2020 ലെ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട് എന്നും പറയുന്നു. ഖണ്ഡികയിൽ പരാമർശിച്ച എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് DSR 2018 പ്രകാരം തയ്യാറാക്കിയതായതിനാൽ പരാമർശം ഒഴിവാക്കി തരണമെന്നും മറുപടിയിൽ ഉണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ പരാമർശിച്ച ഉത്തരവും സർക്കുലറും കരാറുകാർക്ക് ഓവർ ഹെഡ് ചാർജ് അനുവദിച്ചതുമായി ബന്ധപ്പെട്ടുള്ളതാണ്. എന്നാൽ ഇവിടെ ഗുണഭോക്തൃ സമിതിയാണ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾക്ക് 7.5% ഓവർ ഹെഡ് ചാർജ് അനുവദിച്ചത് മുകളിൽ പരാമർശിച്ച 27.2.2016 ലെ പൊതു മരാമത്ത് വകുപ്പിന്റെ ഉത്തരവിലാണ്. പ്രസ്തുത ഉത്തരവ് DSR മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ചുള്ളതുമാണ്. ആയതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി വസ്തുതാപരമല്ലെന്ന് കാണുന്നു.

## 1-14 ഓഡിറ്റ് പരാമർശം- 67,308/- രൂപ അടവാക്കി.

ചുവടെ ചേർത്തിട്ടുള്ള മരാമത്ത് പ്രവത്തികളിൽ തെറ്റായി മൂല്യനിർണ്ണയം നടത്തിയതു മൂലമുണ്ടായ 67,308/- രൂപ അധിക ചെലവ് ഓഡിറ്റ് പരാമർശത്തെ തുടർന്ന് അടവാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട്/ വിവരണം | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|
| 1 | BDO ഓഫീസ്- LSGD ഓഫീസ് അനുബന്ധ കെട്ടിടങ്ങളുടെ നവീകരണം (S0063/23)- പ്രവൃത്തിയുടെ പൈപ്പുകളുടെ ദൂക്കം തെറ്റായി കണക്കാക്കിയത് മൂലം അധിക ചെലവ്- ഓഡിറ്റ് എൻക്വയറി 18/19.07.2023 | 23146/- (രസീതി 123160100012/ 21.07.2023) |
